# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3634 — 14/03/2017-ൽ മറുപടിക്ക്

### ആരോഗ്യ ബോധവത്ക്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തോമസ് ചാണ്ടി | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | ജീവിതശൈലീ രോഗങ്ങൾ വ്യാപകമായ സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളുടെയും യുവജന ക്ലബ്ബുകളുടെയും കുടുംബശ്രീ ഉൾപ്പെടെയുള്ള-വയുടെയും സഹകരണ-ത്തോടെ സമഗ്ര ബോധ-വത്ക്കരണം നടപ്പാക്കുമോ; വ്യക്തമാക്കുമോ? | എ) | സംസ്ഥാനത്തെ ജനങ്ങളിൽ മാറി വരുന്ന ജീവിതശൈലിയ്ക്ക് അനുസൃതമായി ജീവിത-ശൈലിരോഗങ്ങളും വർദ്ധിക്കുന്നു എന്നത് ആരോഗ്യ മേഖലയ്ക്ക് ആശങ്കയുണ്ടാക്കുന്ന വസ്തുതയാണ്. ഈ വിപത്തിനെ പ്രതിരോധി-ക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് "അമൃതം ആരോഗ്യം" എന്ന പേരിൽ ജീവിത ശൈലിരോഗ നിയന്ത്രണപദ്ധതി സംസ്ഥാനത്ത് ഉടനീളം നടത്തിവരുന്നു. ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യം ജനങ്ങളിൽ ജീവിത-ശൈലി രോഗങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും ആരോഗ്യപരമായ ജീവിത ശൈലി അവലംബിച്ചുകൊണ്ട് ഈ രോഗങ്ങളെ അകറ്റി നിർത്തുക എന്നുള്ളതുമാണ്. ഇതിന് ആരോഗ്യ വകുപ്പിനോടൊപ്പം തന്നെ ജന-ങ്ങളുടെയും സന്നദ്ധസംഘടനകളുടെയും മറ്റ് വകുപ്പുകളുടെയും സംയുക്ത സഹകരണവും ഉത്തരവാദിത്വബോധവും അത്യന്താപേക്ഷി-തമാണ്. ഗ്രാമതലങ്ങളിൽ യുവജന ക്ലബ്ബുകളുടെയും കുടുംബശ്രീ പോലുള്ള സ്വയം സഹായ സംഘങ്ങളുടെയും സഹകരണത്തോടെ സമഗ്രബോധവത്കരണവും പ്രതിരോധ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ